<u>പ്രസിദ്ധീകരണത്തിന്</u>

തിരുവനന്തപുരം
06-10-2014

## വൈദ്യുതി ബോർഡിൽ ശമ്പള പരിഷ്ക്കരണം സംബന്ധിച്ച ഐ.ഐ.എം നിർദ്ദേശം തള്ളിക്കളയണം - കോൺഫെഡറേഷൻ

ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ പരിധിയിൽ വരുന്ന വൈദ്യുതി തൊഴിലാളികളുടെ ശമ്പള പരിഷ്ക്കരണത്തിന് സമിതിയെ നിയോഗിക്കണമെന്നുള്ള ഐ.ഐ.എം ന്റെ നിർദ്ദേശം തള്ളിക്കളയണമെന്ന് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ ജനറൽ സെക്രട്ടറി സിബിക്കുട്ടി ഫ്രാൻസിസ് ആവശ്യപ്പെട്ടു. വൈദ്യുതി ബോർഡിനെ കമ്പനിയാക്കിയപ്പോൾ ഗവൺമെന്റും പുതിയ കമ്പനിയും യൂണിയനുകളും ഒപ്പുവച്ച ത്രികക്ഷി കരാറിൽ നിലവിലുള്ള എല്ലാ ചട്ടങ്ങളും, തുടരുമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. വൈദ്യുതി മേഖലയെക്കുറിച്ചോ അതിന്റ ഘടനയെക്കുറിച്ചോ ഉള്ള അജ്ഞത കൊണ്ടാണ് ഇങ്ങനെയൊരു നിർദ്ദേശം വരുവാനിടയായതെന്ന് അദ്ദേഹം പ്രസ്താവിച്ചു.

വൈദ്യുതി ബോർഡിൽ ശമ്പളപരിഷ്ക്കരണം ഉഭയകക്ഷി ചർച്ചയിലൂടെ തൊഴിലാളി യൂണിയനുകളും മാനേജ്മെന്റും ചർച്ച ചെയ്താണ് നടത്തേണ്ടതെന്നിരിക്കെ മറിച്ചൊരു തീരുമാനം നിയമപരമായി നിലനിൽക്കുന്നതല്ലായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

Sd/-

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി
കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ്
കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)
മൊബൈൽ: 9447303578